**വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം**
**(അവതരണം : MIR MOHAMMED ALI I A S)**

നം.DIC/209/2022-EC4 തീയതി : 04-02-2025

വിഷയം:- വ്യവസായം - ജീവനക്കാര്യം - വ്യവസായ വികസന ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 18.01.2025 തീയതിയിലെ DICKNR/847/2024-A4 നമ്പർ കത്ത്.
2. 19.11.2024 തീയതിയിലെ തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസറുടെ TIOTLY/235/2024-E1 നമ്പർ നടപടിക്രമം.
3. 30.12.2024 തീയതിയിലെ ശ്രീമതി.റൂബി വൈദ്യന്റെ സ്ഥലമാറ്റ അപേക്ഷ.

**ഉത്തരവ്**

കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ ഇരിട്ടി ബ്ലോക്കിൽ നിലവിൽ ഒരു ഒഴിവുണ്ട്. പ്രസ്തുത താലൂക്ക് വ്യവസായ ഓഫീസിലെ കൂത്തുപറമ്പ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ആയ ശ്രീമതി.റൂബി.ബി.വൈദ്യൻ 19.11.2024 മുതൽ 07.04.2025 വരെ പ്രസവാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് കൂത്തുപറമ്പ ബ്ലോക്കിൽ വ്യവസായ വികസന ഓഫീസറുടെ തസ്തികയിലും നിലവിൽ ഒഴിവുണ്ട്. ടി തസ്തികകളുടെ അധിക ചുമതല നിലവിൽ പാനൂർ, പേരാവൂർ ബ്ലോക്കുകളുടെ വ്യവസായ വികസന ഓഫീസർമാരാണ് നിർവഹിക്കുന്നത്. മേൽ പറഞ്ഞ ഒഴിവുകൾ നിലനിൽക്കുന്നതിനാലും, ആയതിന്റെ അധിക ചുമതല മറ്റൊരു ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർ നിർവഹിക്കുന്നതിനാലും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ ഓഫീസർ പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ മുഖേന ഈ ഓഫീസിൽ അറിയിച്ചിരുന്നു. ആയത് പരിശോധിച്ചത് പ്രകാരം മേൽ ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ കഴിയുന്നതല്ല എന്നു കാണുന്നു. മേൽ സാഹചര്യത്തിൽ നിലവിൽ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ ഒഴിവുള്ള 2 വ്യവസായ വികസന ഓഫീസർ തസ്തികയിൽ നിന്നും ഒരു തസ്തികയിലേക്ക് സ്ഥലംമാറ്റം മുഖേന ഒഴിവ് നികത്തി താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**സ്ഥലംമാറ്റം**

**1.** കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ ഉള്ള ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലെ കാഞ്ഞങ്ങാട് മുനിസിപാലിറ്റി & ബ്ലോക്ക് വ്യവസയ വികസന ഓഫീസർ ശ്രീ.ഷാജി.പി.വി-യെ സ്ഥലംമാറ്റി കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ കൂത്തുപറമ്പ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ആയ ശ്രീമതി.റൂബി.ബി.വൈദ്യൻ പ്രസവാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

**2.** സൂചന (2) പ്രകാരം പ്രസവാവധിയിൽ തുടരുന്ന കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ തലശ്ശേരി താലൂക്ക് വ്യവസായ ഓഫീസിലെ കൂത്തുപറമ്പ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ആയ ശ്രീമതി.റൂബി.ബി.വൈദ്യന് സ്ഥലംനൽകി കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ ഉള്ള ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലെ കാഞ്ഞങ്ങാട് മുനിസിപാലിറ്റി & ബ്ലോക്ക് വ്യവസയ വികസന ഓഫീസർ ശ്രീ.ഷാജി.പി.വി-യെ സ്ഥലംമാറ്റുന്ന ഒഴിവിൽ പകരം നിയമിച്ച്

ഉത്തരവാകുന്നു.

ശ്രീമതി.റൂബി.ബി.വൈദ്യൻ തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നിയമനം നൽകിയ കൂത്തുപറമ്പ ബ്ലോക്കിലോ അല്ലാത്ത പക്ഷം ലഭ്യമായ ഒഴിവുകളിൽ സൗകര്യപ്രദമായ നിയമനം നൽകി പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ടി ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിച്ച വിവരം നിയന്ത്രണാധികാരി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ടി ഉത്തരവ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ (www. industry.kerala.gov.in) എന്ന ഓദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരിക്കും സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്കും പ്രത്യേകം നൽകുന്നതല്ല, ആയത് വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്.

സ്വീകർത്താവ്:- മേൽ പരാമർശിച്ച എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരി മുഖേന).

പകർപ്പ് :

1. മേൽ പരാമർശിച്ച എല്ലാ സബ് ഓഫീസുകൾ.
2. സി.എ റ്റു ഡയറക്ടർ.
3. സി.എ റ്റു അഡീഷണൽ ഡയറക്ടർ (റി)/അഡീഷണൽ ഡയറക്ടർ (ജി) /സീനിയർ അഡ്ഡിനിസ്ട്രേറ്റീവ് ഓഫീസർ.
4. ഇ൭/ഇഎ./എസി/ഐ.ടി സെക്ഷൻ

ഉത്തരവിൻ പ്രകാരം

Signed by
K.r. Hiranmayi
Date: 04-02-2025 17:05:16

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്